# ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

**DATE: 14.10.2024** **TIME : 12.50 PM**

## പ്രധാന

1) രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അൾജീരിയ സന്ദർശനം പുരോഗമിക്കുന്നു. രണ്ടാം ദിനമായ ഇന്ന് അൾജീരിയൻ ഇന്ത്യ ഇക്കണോമിക് ഫോറത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്യും.

**President Droupadi Murmu's visit to Algeria is in progress. On the second day, the President will address the Algerian India Economic Forum.**

2) രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും 5ജി ടെലികോം സേവനങ്ങൾ ലഭ്യമാക്കിയതായി കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ.

**Union Communications Minister Jyotiraditya Scindia today said that India has rolled out 5G telecom services across all states and Union Territories**

3) യു എസ് - ഇന്ത്യ തന്ത്രപ്രധാന സഹകരണ ഫോറത്തിന്റെ വാർഷിക ഉച്ചകോടി - ഇന്ത്യ ലീഡർഷിപ്പ് സമ്മിറ്റിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം.

**The US-India Strategic Partnership Forum is set to host its annual 'India Leadership Summit 2024' in New Delhi today**

4) വയനാട് പുനരധിവാസവുമായി ബന്ധപ്പെട്ട പ്രതിപക്ഷത്തിന്റെ ഉപക്ഷേപത്തിൻമേൽ കേരള നിയമസഭയിൽ ചർച്ച തുടരുന്നു.

**In Kerala Legislative Assembly, discussion continues in the adjournment motion brought by opposition regarding Wayanad rehabilitation.**

**5)** വനിതാ ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ന്യൂസിലാൻഡ് - പാകിസ്ഥാനുമായി ഏറ്റുമുട്ടും.

**In the Women's T20 World Cup, New Zealand will face Pakistan today**

**&&&&&&&&&&&&&&&&&&**

**PREZ - ALGERIA (INTRO)**

*രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അൾജീരിയ സന്ദർശനം പുരോഗമിക്കുന്നു. രണ്ടാം ദിവസമായ ഇന്ന്, നിരവധി ഉഭയകക്ഷി ചർച്ചകളിൽ രാഷ്ട്രപതി പങ്കെടുക്കും. അൾജീരിയൻ സ്വാതന്ത്ര്യ സമരത്തിലെ പോരാളികളുടെ സ്മരണയ്ക്കായി നിർമ്മിച്ച മഖാം എച്ചാഹിദ് രക്തസാക്ഷി സ്മാരകം സന്ദർശിക്കുന്ന രാഷ്ട്രപതി മുർമു അവിടെ പുഷ്പചക്രം അർപ്പിക്കുകയും ചെയ്യും.*

*ആകാശവാണിക്ക് വേണ്ടി രാഷ്ട്രപതിയുടെ മാധ്യമ സംഘത്തിൽ നിന്നും മയൂഷ എ എം....*

*(വോയിസ്)*

*ത്രിരാഷ്ട്ര ആഫ്രിക്കൻ സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ രാഷ്ട്രപതി ബുധനാഴ്ച മൗറിറ്റാനിയ സന്ദർശിക്കും. തുടർന്ന് ഈ മാസം 17 മുതൽ 19 വരെയാണ് മലാവി സന്ദർശനം.*

**&&&&&&&&&&&&&&&&&&**

## ALGERIA - DRUVIN SONI (INTRO)

*രാഷ്ട്രപതി ദ്രൗപദി മുർമു, ഇന്ന് അൾജീരിയൻ ഇന്ത്യ ഇക്കണോമിക് ഫോറത്തെ അഭിസംബോധന ചെയ്യും. ഇതിന്റെ പശ്ചാത്തലത്തിൽ അൽജീരിയയിലെ ഇന്ത്യൻ വംശജനായ വ്യവസായി ധ്രുവിൻ സോണി ആകാശവാണി വാർത്തകളോട്.*

*(വോയിസ്)*

&&&&&&&&&&&&&&&&&&

## RBI GOVERNOR

ഉയർന്ന നിലവാരമുള്ള ഡിജിറ്റൽ ഫിനാൻഷ്യൽ ഉൽപ്പന്നങ്ങളുടെ വികസനത്തിന് സഹായകമാകുന്ന ലോകോത്തര നിലവാരമുള്ള ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ ഇന്ത്യ വികസിപ്പിച്ചെടുത്തതായി റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു. ലോകത്തിലെ മൂന്നാമത്തെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിന്റെ ആസ്ഥാനമായി രാജ്യം മാറിയെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന RBI@90 ഉന്നതതല സമ്മേളനത്തെ അഭിസംബോധനചെയ്യുകയായിരുന്നു ആർ ബി ഐ ഗവർണർ.

&&&&&&&&&&&&&&&&&&

## SCINDIA - GLOBAL SYMPOSIUM- (INTRO)

*കഴിഞ്ഞ 22 മാസങ്ങൾക്കിടെ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും 5ജി ടെലികോം സേവനങ്ങൾ ലഭ്യമാക്കിയതായി കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ന്യൂഡൽഹിയിൽ നടന്ന അഞ്ചാമത് ഗ്ലോബൽ സ്റ്റാൻഡേർഡ് സിമ്പോസിയത്തിന്റെ ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നിർമ്മിത ബുദ്ധി, ബ്ലോക്ക് ചെയിൻ, സ്മാർട്ട് സിറ്റികൾ, ഓപ്പൺ സോഴ്സ് സാങ്കേതികവിദ്യകൾ എന്നിവയുടെ ഭാവി, നമ്മുടെ രാജ്യം രൂപപ്പെടുത്തുകയാണെന്നും ശ്രീ സിന്ധ്യ അഭിപ്രായപ്പെട്ടു.*
*(ഹോൾഡ്)*
*5-ജി ടെലികോം സേവനത്തിലൂടെ 2040-ഓടെ രാജ്യത്തെ സമ്പദ്*

*വ്യവസ്ഥയിലേക്ക് 450 ദശലക്ഷം യുഎസ് ഡോളറിന്റെ നിക്ഷേപം പ്രതീക്ഷിക്കുന്നതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.*

&&&&&&&&&&&&&&&&&&

**ASSEMBLY - ADJOURNEDMOTION**

വയനാട് പുനരധിവാസവും, കേന്ദ്രസഹായം ഉറപ്പു വരുത്തുന്നതും സംബന്ധിച്ച് പ്രതിപക്ഷത്തിന്റെ ഉപക്ഷേപം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യുന്നു. വയനാട് പുനരധിവാസത്തിൽ സഭാംഗങ്ങൾ ഒന്നിച്ചു നിൽക്കുന്നുവെന്ന സന്ദേശം കൈമാറാനുള്ള അവസരമാണിതെന്ന് ചർച്ചയ്ക്ക് സന്നദ്ധത അറിയിച്ച മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രതിപക്ഷത്തു നിന്നും ടി സിദ്ദിഖാണ് നോട്ടീസ് നൽകിയത്.

&&&&&&&&&&&&&&&&&&

**M B RAJESH**

സംസ്ഥാനത്ത് ലഹരി മരുന്ന് കേസുകൾ വർധിച്ചു വരുന്നതും, പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളുടെ അളവും ആശങ്കപ്പെടുത്തുന്നതായി മന്ത്രി എം ബി രാജേഷ്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയ പ്രവർത്തനങ്ങൾ തടയുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു. കുട്ടികളിലെ ലഹരി ഉപയോഗം തിരിച്ചറിയുക, വിദ്യാലയങ്ങളിലും പരിസരങ്ങളിലും ലഹരി തടയുക എന്നീ ലക്ഷ്യങ്ങളോടെ വാർഷിക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നു മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

**RETHAN TATTA**

അന്തരിച്ച പ്രമുഖ വ്യവസായി രത്തൻ ടാറ്റയ്ക്ക് കേരള നിയമസഭ ഇന്ന് ആദരാഞ്ജലി അർപ്പിച്ചു. വ്യവസായിക രംഗത്ത് സാമൂഹിക കാഴ്ചപ്പാടിന്റെ പുത്തൻ ഭാഷ്യം സൃഷ്ടിച്ച വ്യക്തിത്വമായിരുന്നു രത്തൻ ടാറ്റ എന്ന് സ്പീക്കർ എ. എൻ ഷംസീർ അനുസ്മരിച്ചു.

&&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

&&&&&&&&&&&&&&&&&&&

**World Standards Day**

ഇന്ന് ലോക നിലവാരദിനം. ഉപഭോക്താക്കൾ, റെഗുലേറ്റർമാർ, വ്യവസായം എന്നിവയിൽ നിലവാരം നിശ്ചയിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനായാണ് എല്ലാ വർഷവും ഒക്ടോബർ 14 ലോക നിലവാരദിനമായി ആചരിക്കുന്നത്. ഇതോടനുബന്ധിച്ച് ന്യൂഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ സ്റ്റാൻഡേർഡൈസേഷനിൽ ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു. കേന്ദ്ര ഉപഭോക്തൃകാര്യ മന്ത്രി പ്രൾഹാദ് ജോഷിയും സഹമന്ത്രി ബി എൽ വർമ്മയും പരിപാടിയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&

**US - INDIA STRATEGIC PARTNERSHIP FORUM**

യു എസ് - ഇന്ത്യ തന്ത്രപ്രധാന സഹകരണ ഫോറത്തിന്റെ വാർഷിക ഉച്ചകോടി - ഇന്ത്യ ലീഡർഷിപ്പ് സമ്മിറ്റ് - 2024 ന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം. സെമി കണ്ടക്ടർ മേഖലയിലെ നിക്ഷേപം, ഉഭയകക്ഷി വ്യാപാരം, നിർമിതബുദ്ധി, പുതുതലമുറ സാങ്കേതിക വിദ്യകൾ തുടങ്ങിയ ഉച്ചകോടി ചർച്ച ചെയ്യും. പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്തിടെ നടത്തിയ യു.എസ് സന്ദർശനത്തിന്റെ തുടർച്ചയായാണ് ഇന്ത്യ ലീഡർഷിപ്പ് സമ്മിറ്റ് സംഘടിപ്പിക്കുന്നത്. കേന്ദ്ര മന്ത്രിമാരായ പിയൂഷ് ഗോയൽ, ധർമേന്ദ്ര പ്രധാൻ, ജ്യോതിരാദിത്യ സിന്ധ്യ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

**WOMENS T20 WC CRICKET**

വനിതാ ട്വന്റ്-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ന്യൂസിലാൻഡ് - പാകിസ്ഥാനുമായി ഏറ്റുമുട്ടും. മത്സരത്തിൽ പാകിസ്ഥാൻ വിജയിച്ചാൽ ഇന്ത്യ സെമിയിൽ പ്രവേശിക്കും. ഇന്നലെ നടന്ന മത്സരത്തിൽ 9 റൺസിന് ഇന്ത്യയെ പരാജയപ്പെടുത്തിയ ഓസ്‌ട്രേലിയ സെമി ഫൈനൽ ഉറപ്പിച്ചിരുന്നു.

&&&&&&&&&&&&&&&&&&

**Hockey**

നാലാമത് ഹോക്കി ഇന്ത്യ സീനിയർ വുമൺ ഇൻ്റർ ഡിപ്പാർട്ട്മെൻ്റ് ദേശീയ ചാമ്പ്യൻഷിപ്പിന് ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ ഇന്ന് തുടക്കമാകും. ഈ മാസം 21 വരെ നീണ്ടുനിൽക്കുന്ന ടൂർണമെന്റിൽ നാല് പൂളുകളിലായി 12 ടീമുകൾ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**Tennis**

കസാഖിസ്ഥാനിലെ അൽമാട്ടിയിൽ നടക്കുന്ന അൽമാട്ടി ഓപ്പൺ പുരുഷ ഡബിൾസ് ടെന്നീസ് പ്രീക്വാർട്ടറിൽ ഇന്ത്യൻ താരങ്ങൾ ഇന്ന് മത്സരത്തിന് ഇറങ്ങും . യുകി ഭാംബ്രി, റിത്വിക് ചൗധരി ബൊല്ലിപ്പള്ളി, അർജുൻ കാഡെ എന്നിവരാണ് ഇന്ന് മത്സരിക്കുന്നതു. യൂക്കിയും ഫ്രഞ്ച് കൂട്ടാളി അൽബാനോ ഒലിവെറ്റിയും ഇന്ന് ജർമ്മൻ താരങ്ങളുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

**OM BIRLA - IPU**

149-ാ മത് ഇന്റർ പാർലമെന്റ് യൂണിയൻ അസംബ്ലിക്ക് ജനീവയിൽ തുടക്കം. അസംബ്ലിയിൽ ഇന്ത്യൻ സംഘത്തെ ലോക്സഭാ സ്പീക്കർ ഓം ബിർളയാണ് നയിക്കുന്നത്. ജനീവയിലെ ഇന്ത്യൻ സമൂഹവുമായി അദ്ദേഹം ഇന്ന് സംവദിക്കും. മറ്റു രാജ്യങ്ങളിലെ നിയമനിർമ്മാണ സഭാധ്യക്ഷന്മാരുമായും ശ്രീ. ഓം ബിർള കൂടിക്കാഴ്ചകൾ നടത്തും. ഈ മാസം 17 വരെയാണ് യോഗം.

&&&&&&&&&&&&&&&&&&

## Jammu and Kashmir

ജമ്മു കശ്മീരിലെയും ലഡാക്കിലെയും ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഭരണ പ്രദേശത്തെ ക്ഷേത്രങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ അതിർത്തി നിർണയിക്കുന്നതിനും കയ്യേറ്റങ്ങൾ നീക്കം ചെയ്യുന്നതിനും സർക്കാർ നിർദ്ദേശം നൽകി. ഡിവിഷണൽ കമ്മീഷണർമാർക്കും ഡെപ്യൂട്ടി കമ്മീഷണർമാർക്കുമാണ് അതിർത്തി നിർണയിക്കുന്നതിനുള്ള ചുമതല നൽകിയിരിക്കുന്നത്. എല്ലാ ചരിത്രപ്രസിദ്ധമായ ക്ഷേത്രങ്ങളുടെയും വിശദമായ വിവരങ്ങൾ ശേഖരിച്ച് സാംസ്കാരിക വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ഇത് സംബന്ധിച്ചു ജമ്മു കശ്മീർ ചീഫ് സെക്രട്ടറി ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

&&&&&&&&&&&&&&&&&&

## FLIGHTS - BOMB THREAT

മുംബൈയിൽ നിന്ന് ന്യൂയോർക്കിലേക്ക് പോവുകയായിരുന്ന എയർ ഇന്ത്യ വിമാനം ബോംബ് ഭീഷണിയെ തുടർന്ന് രാവിലെ ഡൽഹിയിലേക്ക് തിരിച്ചുവിട്ടു. യാത്രക്കാരെല്ലാം സുരക്ഷിതരാണ്. ഇതുവരെ നടത്തിയ പരിശോധനയിൽ സംശയാസ്പദമായി ഒന്നും കണ്ടെത്താനായില്ല. മുംബൈയിൽ നിന്ന് മസ്കറ്റിലേക്കും ജിദ്ദയിലേക്കും സർവീസ് നടത്തുന്ന ഇൻഡിഗോ വിമാനങ്ങൾക്കും സമാനമായ ബോംബ് ഭീഷണി ഉണ്ടായിരുന്നു. അതിനിടെ, മുംബൈ-ഹൗറ ട്രെയിനിൽ സ്ഫോടനം നടത്തുമെന്ന ഭീഷണിയെത്തുടർന്നു നടത്തിയ പരിശോധനയിലും സംശയാസ്പദമായ വസ്തുക്കളൊന്നും കണ്ടെത്തിയില്ല.

&&&&&&&&&&&&&&&&&&

## IMD - WEATHER

തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ, ആന്ധ്രാപ്രദേശിന്റെ തീരപ്രദേശം എന്നിവിടങ്ങളിൽ അതിശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കർണാടകയുടെ തീരപ്രദേശങ്ങളിലും തെക്കൻ ഉൾപ്രദേശങ്ങളിലും ശക്തമായ

മഴയുണ്ടാകുമെന്നും കാലാവസ്ഥ വകുപ്പ് പ്രവചിച്ചിട്ടുണ്ട്. ബീഹാർ, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ സിക്കിം എന്നിവിടങ്ങളിൽ നിന്ന് തെക്കുപടിഞ്ഞാറൻ മൺസൂൺ പിന്മാറിയെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു.

&&&&&&&&&&&&&&&&&&

**RAIN KERALA**

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ മാഹി തീരം തെക്കൻ തമിഴ്നാട് തീരം എന്നിവിടങ്ങളിൽ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&

**ARMY CHIEF - JAPAN**

കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി നാല് ദിവസത്തെ സന്ദർശനത്തിനായി ജപ്പാനിലേക്ക് പുറപ്പെട്ടു. ഇരു രാജ്യങ്ങളിലെയും സൈനികർ തമ്മിലുള്ള സൈനിക സഹകരണം ശക്തിപ്പെടുത്തുന്നതിനൊപ്പം സഹകരണത്തിന്റെ പുതിയ വഴികൾ തേടുകയുമാണ് സന്ദർശനത്തിന്റെ ലക്ഷ്യമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. ജനറൽ ദ്വിവേദി ജപ്പാനിലെ മുതിർന്ന സൈനിക നേതൃത്വവുമായി ഇച്ചിഗയയിലെ പ്രതിരോധ മന്ത്രാലയത്തിൽ കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

**Behraich up**

ഉത്തർപ്രദേശിലെ ബഹ്റൈച്ചിൽ വിഗ്രഹ നിമഞ്ജനത്തിനിടെ ഉണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട് 30ഓളം പേരെ കസ്റ്റഡിയിലെടുത്തു. ഒളിവിൽ കഴിയുന്ന പ്രതികളെ രണ്ടെത്താനുള്ള തെരച്ചിൽ ഊർജ്ജിതമാക്കിയതായും നിലവിൽ സ്ഥിതിഗതികൾ ശാന്തമാണെന്നും പൊലീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&